"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി മാജിതാ ബീവി എന്നവരുടെ ചികിത്സ ഇനത്തിൽ ചെലവായ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചികിത്സാ സഹായമായി അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.3012/2025/LSGD തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:-

1. അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്തിന്റെ 20.06.2025 തീയതി നടന്ന സാധാരണ/ അടിയന്തിര യോഗത്തിലെ 19(1) നമ്പർ തീരുമാനം.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30.09.2025 തീയതിയിലെ LSGD/PD/27957/2025-EER2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് പള്ളിപ്പുറം വാർഡ് മെമ്പർ ശ്രീമതി. മാജിതാ ബീവിയ്ക്ക് Sunrise Hospital, കൊച്ചിയിൽ ചികിത്സക്ക് വേണ്ടി ചെലവായ തുകയായ 1,66,800/-(ഒരു ലക്ഷത്തി അറുപത്തിയാറായിരത്തി എണ്ണൂറ് രൂപ മാത്രം) രൂപ ചികിത്സാ സഹായമായി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഗ്രാമ പഞ്ചായത്ത് തീരുമാനം എടുത്ത് സർക്കാരിന്റെ അനുമതിയ്ക്കായി പരാമർശം (2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീമതി മാജിതാ ബീവി എന്നവർക്ക് ചികിത്സ നടത്തിയ ഇനത്തിൽ ചെലവായ തുകയുടെ 70% തുകയായ 116,760/-രൂപ (ഒരു ലക്ഷത്തി പതിനാറായിരത്തി എഴുനൂറ്റി അറുപത് രൂപ മാത്രം) ഭാവിയിൽ ക്രമ പ്രകാരമല്ലാതെയോ അധികമായി തുക മാറി നൽകിയതായോ കാണുന്ന പക്ഷം പ്രസ്തുത തുക തിരികെ അടയ്ക്കാൻ അപേക്ഷക ബാദ്ധ്യസ്ഥയാണെന്നുള്ള വ്യവസ്ഥയിൽ, ടിയാൾ സമർപ്പിച്ചിരിക്കുന്ന ചികിത്സാ രേഖകളുടെയും മെഡിക്കൽ ബിൽ/വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന്

അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MUHAMMED NAJEEB T A
ഡെപ്യൂട്ടി സെക്രട്ടറി

പ്രസിഡന്റ് /സെക്രട്ടറി, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD- EM2/188/2025-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Ajith Kumar K A
സെക്ഷൻ ഓഫീസർ
Date: 22-12-2025 12:31:33

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്.

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.